# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തലനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 14/ 1492/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 14/12/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലനാട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 14/ 1492/21 തീയ്യതി: 14/12/2021

## കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-11-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 02-11-2021 | 17-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-11-2021 | 17-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

സജി പി ആർ, ഓഡിറ്റ് ഓഫീസർ
ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജോഷി തോമസ്, ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. സതി വിജയൻ | പ്രസിഡന്റ് | 01-04-2019 | 26-06-2019 |
| ശ്രീ. പി എസ് ബാബു | പ്രസിഡന്റ് | 27-06-2019 | 31-03-2020 |
| ശ്രീ. രാരാ രാജ് ആർ | സെക്രട്ടറി | 01-04-2019 | 14-07-2019 |
| ശ്രീ.മനോജ് കെ | സെക്രട്ടറി | 15-07-2019 | 13-08-2019 |
| ശ്രീ. സജിത്ത് മാത്യൂസ് | സെക്രട്ടറി | 14-08-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രജനി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 30-12-2019 |
| ശ്രീ. ജയപ്രകാശൻ ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 31-12-2019 | 09-01-2020 |
| ശ്രീമതി. ശ്രുതി ജയിംസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 10-01-2020 | 31-03-2020 |
| ശ്രീ. പരിദുദ്ദീൻ വി എം | കൃ,ഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സെറിൻ എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 14-11-2019 |
| ഡോ. ശ്രീജ എം എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 15-11-2019 | 31-03-2020 |
| ഡോ. സുധീഷ് കെ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ. വിന്നിമോൾ ജോസ് | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. ഐസക് ജോർജ് പി | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി. രഹീന എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 30-11-2019 |
| ശ്രീമതി. പുഷ്കല പി എൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-12-2019 | 31-03-2020 |
| ശ്രീ. ഷാൻകുമാർ കെ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 16-06-2019 |
| ശ്രീ. ജോൺസൺ ജോർജ് കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 17-06-2019 | 30-06-2019 |
| ശ്രീ. ആകാശ് ടോം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-07-2019 | 31-03-2020 |
| ശ്രീ. സുദീപ് റ്റി ജെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26-11-2019 | 30-01-2020 |
| ശ്രീ. ലതീഷ് കുമാർ പി വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 20-08-2019 |
| ശ്രീ. ഷിഹാബുദ്ദീൻ റ്റി എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 21-08-2019 | 26-09-2019 |
| ശ്രീമതി. അനു കുമാരൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 27-09-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Joshy Thomas (Auditor, On 12-11-2021)<br>Last Updated By: Krishnapriya.S (Auditor, On 17-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Krishnapriya.S (Auditor, On 11-11-2021)<br>Last Updated By: Krishnapriya.S (Auditor, On 11-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Krishnapriya.S (Auditor, On 06-11-2021)<br>Last Updated By: Krishnapriya.S (Auditor, On 17-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Saji P R (Audit Officer, On 14-11-2021)<br>Last Updated By: Saji P R (Audit Officer, On 15-11-2021) | 1-4 |
| 5 | പദ്ധതിഅവലോകനം.<br>Written By: Saji P R (Audit Officer, On 15-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-11-2021) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Saji P R (Audit Officer, On 16-11-2021)<br>Last Updated By: Saji P R (Audit Officer, On 16-11-2021) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Joshy Thomas (Auditor, On 14-11-2021)<br>Last Updated By: Krishnapriya.S (Auditor, On 17-11-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 05-11-2021)<br>Last Updated By: Saji P R (Audit Officer, On 14-11-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Saji P R (Audit Officer, On 17-11-2021)<br>Last Updated By: Saji P R (Audit Officer, On 18-11-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 06-11-2021)<br>Last Updated By: Krishnapriya.S (Auditor, On 17-11-2021) | 1-10 |
| 11 | കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചശേഷം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു<br>Written By: Krishnapriya.S (Auditor, On 15-11-2021)<br>Last Updated By: Krishnapriya.S (Auditor, On 17-11-2021) | 1-11 |
| 12 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 15-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-11-2021) | 1-12 |
| 13 | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ചില സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു<br>Written By: Krishnapriya.S (Auditor, On 15-11-2021)<br>Last Updated By: Krishnapriya.S (Auditor, On 17-11-2021) | 1-13 |
| 14 | സർക്കാർ ഉത്തരവുകൾക്കനുസൃതമല്ലാത്ത താത്ക്കാലിക നിയമനം<br>Written By: Shanti George (Asst. Audit Officer, On 15-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-11-2021) | 1-14 |
| 15 | വാട്ടർ അതോറിറ്റി ഡിമാൻറ് നോട്ടീസ് പ്രകാരം വൻതുക കുടിശ്ശികയായി അവശേഷിക്കുന്നു.<br>Written By: Shanti George (Asst. Audit Officer, On 15-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-11-2021) | 1-15 |
| 16 | ഇല്ലിക്കുന്ന് അങ്കണവാടി വാങ്ങിയ മോട്ടോർ | 1-16 |

| | | |
|---|---|---|
| | പ്രവർത്തനക്ഷമമാക്കിയില്ല.<br>Written By: Shanti George (Asst. Audit Officer, On 15-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-12-2021) | |
| 17 | ടെണ്ടർ വ്യവസ്ഥകൾ പാലിക്കാത്ത സപ്ലയർക്കെതിരെ നടപടി സ്വീകരിച്ചില്ല<br>Written By: Saji P R (Audit Officer, On 16-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-12-2021) | 1-17 |
| 18 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.<br>Written By: Saji P R (Audit Officer, On 16-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-11-2021) | 1-18 |
| 19 | റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല.<br>Written By: Saji P R (Audit Officer, On 16-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-11-2021) | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Krishnapriya.S (Auditor, On 05-11-2021)<br>Last Updated By: Krishnapriya.S (Auditor, On 05-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Krishnapriya.S (Auditor, On 06-11-2021)<br>Last Updated By: Krishnapriya.S (Auditor, On 06-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 10-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 26-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Krishnapriya.S (Auditor, On 02-11-2021)<br>Last Updated By: Krishnapriya.S (Auditor, On 02-11-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 05-11-2021)<br>Last Updated By: Krishnapriya.S (Auditor, On 15-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 02-11-2021)<br>Last Updated By: Krishnapriya.S (Auditor, On 02-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 02-11-2021)<br>Last Updated By: Krishnapriya.S (Auditor, On 02-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Krishnapriya.S (Auditor, On 02-11-2021)<br>Last Updated By: Krishnapriya.S (Auditor, On 02-11-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 02-11-2021)<br>Last Updated By: Krishnapriya.S (Auditor, On 02-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Krishnapriya.S (Auditor, On 02-11-2021) | 4-10 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 10-12-2021) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Krishnapriya.S (Auditor, On 05-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 10-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-2020 വർഷത്തെ പരിഷ്കരിച്ച ബജറ്റ് 25.2.2020 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകളും യഥാർത്ഥ വരവ് -ചെലവ് കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 4961906 | 4626768.5 |
| വരവ് | 61839452 | 22793077 |
| ആകെ | 66801358 | 27419845.5 |
| ചെലവ് | 66332518 | 25897510 |
| നീക്കിയിരിപ്പ് | 468840 | 1522335.5 |

ബജറ്റ് പ്രകാരം 6.19 കോടി രൂപയുടെ പ്രതീക്ഷിത വരവും 6.63 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 3.39 കോടി രൂപയും ചെലവ് 4.24 കോടി രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 18.05.2020-ലെ VI(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 4626768.50 രൂപയും തൻവർഷ വരവ് 22793077.00 രൂപയും തൻവർഷചെലവ് 25897510.00 രൂപയും വർഷാവസാന നീക്കിയിരിപ്പ് 1522335.50 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 33976160.00 രൂപയും ആകെ ചെലവ് 42405037.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ.(എം.എസ്.)152/11 എൽ.എസ്.ജി.ഡി. ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി ബാദ്ധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രിക പ്രകാരം കണക്കാക്കിയ 31.03.20ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. തൻവർഷം വരവിനങ്ങളിൽ കുടിശിക ആയിട്ടുള്ള തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
4. വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
5. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ RP-1 ഷെഡ്യൂളിലെ 110400101-Entertainment Tax എന്ന ഹെഡിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
6. രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ RP-3 ഷെഡ്യൂളിലെ 130300101-Rent From Auditoriums And Halls എന്ന ഹെഡിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4626768.50 |
| ഓഡിറ്റ് വർഷത്തെ വരവ് | 22793077.00 |
| ആകെ | 27419845.50 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 25897510.00 |
| നീക്കിയിരിപ്പ് | 1522335.50 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം/ തൻവർഷ വരവ് | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 7145750 | 7145750 | 5081373 | 2064377 | 71.11 |
| വികസനഫണ്ട് എസ്.സി.പി. | 0 | 945375 | 945375 | 499308 | 446067 | 52.81 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2657361 | 2657361 | 1046490 | 1610871 | 39.38 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4438000 | 4438000 | 2726807 | 1711193 | 61.44 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3251000 | 3251000 | 1351559 | 1899441 | 41.57 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 3684908 | 3684908 | 1684627 | 2000281 | 45.71 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 2192 | 11519433 | 11521625 | 11519959 | 1666 | 99.98 |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 148265 | 185381 | 333646 | 106270 | 227376 | 31.85 |
| ശുചിത്വമിഷൻ ഗ്രാന്റ് | 924488 | 0 | 924488 | 32000 | 892488 | 3.46 |

വികസനഫണ്ട് പൊതുവിഭാഗം, എസ്.സി.പി, റ്റി.എസ്.പി എന്നിവയുടെ അലോട്ടുമെന്റുകളിൽ നിന്നും യഥാക്രമം 670531 രൂപ, 58824 രൂപ, 14706 രൂപ വീതം ഉറവിടത്തിൽ നിന്നും കറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|

| | | |
|---|---|---|
| 186/20 സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ മുതൽ തിരിച്ചടവ് | 326750 | വികസനഫണ്ട് പൊതുവിഭാഗം |
| 187/20 സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ മുതൽ തിരിച്ചടവ് | 11485 | വികസനഫണ്ട് പൊതുവിഭാഗം |
| 185/20 കേരള ജല അതോറിറ്റിക്ക് അടയ്ക്കേണ്ട കുടിശ്ശിക തുക | 5546 | വികസനഫണ്ട് പൊതുവിഭാഗം |
| 190/20 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കിയ തുക | 326750 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 670531 | |
| 188/20 സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ മുതൽ തിരിച്ചടവ് | 58824 | വികസനഫണ്ട് എസ്.സി.പി |
| 189/20 | 14706 | വികസനഫണ്ട് |

| | | | |
|---|---|---|---|
| സമ്പൂർണ്ണ പാർപ്പിട പദ്ധതി (ലൈഫ് മിഷൻ) ഹഡ്കോ വായ്പ മുതൽ തിരിച്ചടവ് | | റ്റി.എസ്.പി | |

**1-5 പദ്ധതിഅവലോകനം.**

2019-20 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് 29.10.2018 തീയതിയിൽ യോഗം ചേർന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 9.10.2018 ലെ 11(4) നമ്പർ തീരുമാനപ്രകാരം ആസൂത്രണസമിതിയുടെ പുനസംഘടന അംഗീകരിച്ചു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 10.11.2018 മുതൽ 21.11.2018 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസന സെമിനാർ നടന്നത് 26.11.2018 ലാണ്. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകൾ 10.2.2019 മുതൽ 16.2.2019 വരെയുള്ള തീയതികളിലും ഊരുകൂട്ടം 10.11.2018 മുതൽ 21.11.2018 വരെയുള്ള തീയതികളിലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. ഭിന്നശേഷി ഗ്രാമസഭ 24.11.2018 ൽ ചേർന്നിട്ടുണ്ട്. 13.12.2018 ലെ 10(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 16.3.2020 ലെ 2707/18/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷികപദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 145 | 43793554 | 73 | 17824696 | 72 | 50.34 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 497325 | 5 | 497131 |
| വെറ്റിനറി സർജൻ | 5 | 1734335 | 3 | 1366650 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 5 | 861370 | 3 | 372889 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 200000 | 1 | 200000 |
| വി.ഇ.ഒ തലനാട് | 13 | 17136151 | 8 | 5958749 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 2618910 | 6 | 1320747 |
| സെക്രട്ടറി | 21 | 2414649 | 17 | 1917899 |

| | | | | |
|---|---|---|---|---|
| എച്ച്.എം. ഗവൺമെന്റ് എൽ.പി.എസ്. | 2 | 432650 | 0 | 0 |
| അസിസ്റ്റന്റ് എൻജിനീയർ | 79 | 17406124 | 28 | 5845948 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 492040 | 2 | 344683 |
| ആകെ | 145 | 43793554 | 73 | 17824696 |

**<u>ലക്ഷ്യം കൈവരിച്ചില്ല. 9732230/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.</u>**

2019-20 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 9732230/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 7145750 | 5081373 | 2064377 |
| വികസന ഫണ്ട് (എസ്.സി.പി) | 945375 | 499308 | 446067 |
| വികസന ഫണ്ട് (ടി.എസ്.പി) | 2657361 | 1046490 | 1610871 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 4438000 | 2726807 | 1711193 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3251000 | 1351559 | 1899441 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 3684908 | 1684627 | 2000281 |
| ആകെ | | | 9732230 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 9732230 രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>നിക്ഷേപ പ്രവൃത്തികൾ മുൻ വർഷങ്ങളിലേതുൾപ്പെടെ 115134 രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.</u>

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിൽ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 115134/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 34692/- രൂപയുടെ പൂർത്തീകരണ വിവരവും, കുഴൽ കിണർ നിർമ്മാണത്തിനായി ഭൂഗർഭ ജലവകുപ്പിൽ നിക്ഷേപിച്ച 80442/- രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം

ലഭ്യമായിട്ടില്ലാത്തത്. മുൻ വർഷങ്ങളിൽ നിക്ഷേപിച്ച നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മോണിറ്ററിംഗ് സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷം 68 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 137പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 110 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 102 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 36064 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 166 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 72 അയൽക്കൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 534 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം, നഴ്സറി നിർമ്മാണം, പടുതാക്കുളം നിർമ്മാണം, കിണർ റീചാർജിംഗ് എന്നീ പ്രവൃത്തികളും ആസ്തി സൃഷ്ടിക്കൽ പ്രവൃത്തികളായി ആട്ടിൻ കൂട്, തൊഴുത്ത്, കോഴിക്കൂട്, കിണർ റീചാർജ്, റോഡ് കോൺക്രീറ്റിംഗ് തുടങ്ങിയ പ്രവൃത്തികളുമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ധനകാര്യ പത്രിക പ്രകാരമുള്ള 2019-20 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സാക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 2192 | 666764 | 668956 | 667290 | 1666 |
| ഇ.എഫ്.എം.എസ്. | 0 | 10852669 | 10852669 | 10852669 | 0 |
| ആകെ | 2192 | 11519433 | 11521625 | 11519959 | 1666 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30960 | 17 |
| കർഷകതൊഴിലാളി | 388800 | 62 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 618600 | 90 |
| വാർദ്ധക്യകാലപെൻഷൻ | 1831500 | 288 |
| വികലാംഗപെൻഷൻ | 341700 | 55 |
| 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 54600 | 9 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.11.2021 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 214/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക വിനിമയങ്ങൾ രേഖപ്പെടുത്തുന്നത് സാംഖ്യാ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിദിന, പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും സാംഖ്യാ സ്റ്റേഷനറിക്കും സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.08.2021 മുതൽ 27.08.2021 വരെ | 04/2021 മുതൽ 06/2021 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.05.2018 മുതൽ 30.05.2018 വരെ | 2013-14 മുതൽ 2017-18 വരെ | എൽ ബി എ(എച്ച് ക്യു) 11/I/8A-49/2018-19/64 തീ. 04.07.2018 |

## 1-11 കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചശേഷം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. തലനാട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 2019-20 വർഷം പാർപ്പിടാവശ്യത്തിനായി വസ്തുനികുതി

നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിച്ചതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഡി & ഒ രജിസ്റ്ററിലെ ക്രമ നം. | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | നിലവിലെ ഉപയോഗക്രമം |
|---|---|---|---|---|
| 1 | 31 | V/112 | കെ ജെ ജോസഫ് കാവിപ്പറമ്പിൽ | പഴം, പച്ചക്കറി വ്യാപാരം |
| 2 | 35 | III/158 | ഒ ജി സുരേന്ദ്രൻ ഒറവത്തൊട്ടിയിൽ | പലചരക്ക് വ്യാപാരം |

ഇപ്രകാരം കെട്ടിടങ്ങൾ പാർപ്പിടാവശ്യത്തിനായി കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചശേഷം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/12.11.2021) 2020-21, 2021-22 വർഷം ലൈസൻസ് നൽകിയിട്ടില്ലെന്നും ന്യൂനത പരിഹരിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമായിട്ടുണ്ട്. കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചശേഷം വാണിജ്യാവശ്യത്തിനായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നത് ചട്ടലംഘനവും പഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാക്കുന്നതുമാകയാൽ ന്യൂനത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം തലനാട് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | എസ് എൻ പബ്ലിക് ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1,2 |
| | | |

മേൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (9/10.11.2021) തൊഴിൽ നികുതി അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട ചില സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസോടുകൂടി പ്രവർത്തിക്കേണ്ടതായ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങൾക്കും 2019-20 വർഷം നിയമാനുസൃത ലൈസൻസ് നൽകിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിടനമ്പർ | ഉടമസ്ഥൻ | ഇനം |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | II/161,162 | വിനോജ് എ കെ അടയ്ക്കാക്കല്ലിൽ | സ്റ്റേഷനറി ഉൽപ്പന്നങ്ങൾ |
| 2 | X/146 A | ജോർജ്കുട്ടി തോമസ് മുത്തനാട്ട് | പൗൾട്രി ഫാം |

ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മേൽ സ്ഥാപനങ്ങൾ നിയമാനുസൃത ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (10/10.11.2021) ലൈസൻസ് ഫീസ് അടവാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 സർക്കാർ ഉത്തരവുകൾക്കനുസൃതമല്ലാത്ത താത്ക്കാലിക നിയമനം

ഗ്രാമപഞ്ചായത്തിൽ പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനായി 02/03/2009ലെ 79865/ എൽ.എസ്.ജി.ഡി/08 സർക്കുലറിൽ 100 ദിവസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ഒരാളിനെ നിയമിക്കാവുന്നതാണെന്ന് പരാമർശിക്കുന്നു.എന്നാൽ തലനാട് ഗ്രാമപഞ്ചായത്തിൽ നിയമിതനായ താൽക്കാലിക ക്ലർക്ക് ശ്രീ ജെറിൻ വർഗ്ഗീസിനെ 100 ദിവസത്തെ കാലയളവ് എന്നുള്ള പരിധി ലംഘിച്ച് തുടർന്നുള്ള ദിവസങ്ങളിലും നിയമനം നൽകി ദിവസം 600/- രൂപ നിരക്കിൽ വേതനം നൽകി വന്നു. ആയതിനെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രതിഫലം നൽകിയ മാസം | തുക | വൗച്ചർനം | ചെക്ക് നം | തീയതി |
|---|---|---|---|---|
| 04/19 | 15000 | 21900005 | 3033023 | 1/4/19 |
| 05/19 | 9600 | 21900073 | 7792 | 13/5/19 |
| 06/19 | 13800 | 21900106 | 3033032 | 1/6/19 |
| 07/19 | 13200 | 21900163 | 3033037 | 1/7/19 |
| 08/19 | 12000 | 21900277 | * | |
| 09/19 | 16800 | 21900334 | 3033046 | 2/9/19 |
| 10/19 | 9600 | 21900389 | 3033048 | 1/10/19 |
| 11/19 | 14950 | 21900473 | 3033054 | 1/11/19 |
| 12/19 | 17750 | 21900535 | 3033057 | 3/12/19 |
| 1/20 | 14950 | 21900606 | 8336 | 1/1/20 |
| 2/20 | 14950 | 21900698 | 8424 | 1/2/20 |
| 3/20 | 15600 | 21900751 | 8445 | 2/3/20 |

*ട്രാൻസ്ഫർ ക്രഡിറ്റ് എസ്.റ്റി.എസ്.ബി-5

തദ്ദേശസ്വയംഭരണ വകുപ്പ് സർക്കുലർ പ്രകാരമുള്ള100 ദിവസത്തെ പരിധി ലംഘിച്ച് തുടർന്നുള്ള ദിവസങ്ങളിലും വേതനം നൽകിയതിന് വിശദീകരണം നൽകേണ്ടതാണ്. നിയമനം സാധൂകരിക്കുന്ന രേഖകളുണ്ടെങ്കിൽ ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി തസ്തിക ഒഴിവായി കിടക്കുന്നതും ജോലികൾ സമയബന്ധിതമായി തീർക്കേണ്ടതിന്റെ ആവശ്യകതയും അറിയിച്ചു.എന്നാൽ ഏതുസാഹചര്യത്തിലും ദിവസവേതനാടിസ്ഥാനത്തിൽ നിയമനം

നടത്തുമ്പോൾ സർക്കാർ ഉത്തരവുകൾക്ക് അനുസൃതമായിരിക്കണം എന്നതിനാൽ ഭാവിയിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

**1-15 വാട്ടർ അതോറിറ്റി ഡിമാൻറ് നോട്ടീസ് പ്രകാരം വൻതുക കടിശ്ശികയായി അവശേഷിക്കുന്നു.**

തലനാട് ഗ്രാമപഞ്ചായത്ത് 2019-20 വർഷം 16.03.20ൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച 4186ാം നം ഡിമാൻറ് നോട്ടീസ് പ്രകാരം 29.02.20ലെ ക്ലോസിങ്ങ് ബാലൻസ് 8,71,828/-ആണ് ഇതോടൊപ്പം ഫൈൻ 17113/- ഉം തൻമാസ ഡിമാൻറ് 31063/- ഉം അടക്കം 9,20,004/-രൂപയാണ് അടവാക്കേണ്ടിയിരുന്നത് 2019-20 വർഷം പ്രോജക്ടുകൾ രൂപീകരിച്ച് ആകെ 3,78,302/-രൂപ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | തുക | ബിൽ നം | തീയതി |
|---|---|---|---|
| 18/19-20 | 2,48,504/- | 20/19-20 | 13.12.2019 |
| ,, | 1,24,252/- | 35/19-20 | 30.03.20 |
| 185/19-20 | 5546/- | സ്രോതസ്സിൽ കുറവ് ചെയ്തത് | |
| ആകെ | 3,78,302/- | | |

06.12.2019 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 34(1) ാം നം തീരുമാനപ്രകാരം ഡിമാൻറ് നോട്ടീസ് അനുസരിച്ച് വൻതുക കടിശ്ശികയായി അവശേഷിക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമാക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. വിശദാംശങ്ങൾ ലഭ്യമായെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി വാട്ടർ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. വാട്ടർ ടാപ്പുകളുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 7/10.11.21) മറുപടി ലഭ്യമാക്കിയില്ല. കടിശ്ശിക വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കി പരിഹാര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-16 ഇല്ലിക്കുന്ന് അങ്കണവാടി വാങ്ങിയ മോട്ടോർ പ്രവർത്തനക്ഷമമാക്കിയില്ല.**

തലനാട് ഗ്രാമപഞ്ചായത്ത് 2019-20 വർഷം ഒൻപതാം വാർഡിൽ പ്രവർത്തിക്കുന്ന ഇല്ലിക്കുന്ന് അങ്കണവാടിക്കായി മോട്ടോർ വാങ്ങുന്നതിനായി 10000/- രൂപ (ചെക്ക് നം 3033045) ഐ.സി.ഡി.എസ് സൂപ്പർവൈസർ കൈപ്പറ്റുകയും മോട്ടോർ വാങ്ങുകയും ചെയ്തു. വനിതാ ശിശു വികസന വകുപ്പിൽനിന്നും അങ്കണവാടി കുടിവെള്ളപദ്ധതിക്കായി ലഭിച്ച തുകയാണ് ഇപ്രകാരം നൽകിയത്. എന്നാൽ വാങ്ങിയ മോട്ടോർ അംഗനവാടിയിൽ ഘടിപ്പിച്ച് പ്രവർത്തക്ഷമമാക്കിയില്ല എന്ന് അറിയിച്ചു. കൂടാതെ ഇല്ലിക്കുന്ന് അങ്കണവാടിക്ക് സ്വന്തമായി ജലസ്രോതസ്സ് ഇല്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. സ്വന്തമായി ജലസ്രോതസ്സ് ഇല്ലാത്ത അങ്കണവാടിക്ക് മോട്ടോർ വാങ്ങിയതിനും മോട്ടോർ ഘടിപ്പിച്ച് പ്രവർത്തക്ഷമമാക്കാത്തതിനും വിശദീകരണം നൽകേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മോട്ടോർ ഘടിപ്പിച്ച് പ്രവർത്തക്ഷമമാക്കുന്നതാണെന്ന് മറുപടി നൽകി. മോട്ടോർ ഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-17 ടെണ്ടർ വ്യവസ്ഥകൾ പാലിക്കാത്ത സപ്ലയർക്കെതിരെ നടപടി സ്വീകരിച്ചില്ല**

പ്രോജക്ട് നം. 21/20

ചെറുതേൻ കോളനി വിതരണം

നിർവ്വഹണോദ്യോഗസ്ഥൻ- കൃഷി ഓഫീസർ

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ട് നടപ്പാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 3 വ്യക്തികൾ ടെണ്ടർ സമർപ്പിച്ചു. പഞ്ചായത്ത് കമ്മിറ്റിയുടെ 24.12.2019 ലെ 17(2) നമ്പർ തീരുമാനപ്രകാരം ചെറുതേൻ കോളനിയ്ക്ക് 1800 രൂപ ക്വോട്ട് ചെയ്ത പ്രിയദർശിനി, ചാരിറ്റബിൽ സൊസൈറ്റി, പഴംപാറ പി.ഒ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. 24.12.2019 ലെ TD8/2019-20 നമ്പർ കത്ത് പ്രകാരം ടി സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ് നൽകി. 31.12.19 നകം എഗ്രിമെന്റ് വെക്കണം എന്ന് അറിയിച്ചു. 31.12.19 നകം എഗ്രിമെന്റ് വെക്കാത്തതിനെ തുടർന്ന് ഫോണിൽ ബന്ധപ്പെട്ടപ്പോൾ ടി സ്ഥാപനം കരാറിൽ നിന്ന് പിൻമാറുകയാണ് എന്ന് അറിയിച്ചു. തുടർന്ന് 1.1.2020 ലും 6.1.2020 ലും കത്ത് നൽകിയെങ്കിലും സ്ഥാപനം പ്രതികരിച്ചില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ 15.1.2020 ലെ 15(13) നമ്പർ തീരുമാനപ്രകാരം അടുത്ത കരാറുകാരനെക്കൊണ്ട് പ്രവൃത്തി ചെയ്യുന്നതിന് തീരുമാനിച്ചു. 6.2.2020 ലെ 20(1) നമ്പർ തീരുമാനപ്രകാരം 1900 രൂപ ക്വോട്ട് ചെയ്ത പി.വി. സനലിന്റെ ടെണ്ടർ അംഗീകരിച്ച് പ്രോജക്ട് നടപ്പാക്കി. എന്നാൽ ടെണ്ടർ വ്യവസ്ഥകൾ പാലിക്കാത്ത പ്രിയദർശിനി, ചാരിറ്റബിൽ സൊസൈറ്റിയുടെ ഇ.എം.ഡി തുക കണ്ടുകെട്ടുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 14-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രിയദർശിനി, ചാരിറ്റബിൽ സൊസൈറ്റിയിൽ നിന്നും ലഭിച്ച ഇ.എം.ഡി തുക 1400 രൂപ കണ്ടുകെട്ടുന്നതിന് 9.11.2021 ൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. ഇ.എം.ഡി തുക 1400 രൂപ കണ്ടുകെട്ടി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## <u>1-18 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.</u>

തലനാട് ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം കരാറുകാരൻ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ.പി. നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 76/20 വാർഡ്- 4, മേലടുക്കം പഴുക്കാക്കാനം റോഡ് കോൺക്രീറ്റിംഗ് | സിജോ കുര്യൻ, നെല്ലുവേലിൽ, തലനാട് | 29.10.19 | 21.11.19 | 214262 | 2143 |
| 2 | 51/20 | സിജോ കുര്യൻ, | 29.10.19 | 21.11.19 | 116005 | 1160 |

| | | | | | | |
|---|---|---|---|---|---|---|
| | തലനാട് പി.എച്ച്.സി മെയിന്റനൻസ് | നെല്ലുവേലിൽ, തലനാട് | | | | |
| | ആകെ | | | | | 3303 |

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 1-ാം നമ്പർ ഓഡിറ്റ് എൻക്വറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പിഴയിനത്തിൽ ഈടാക്കേണ്ടിയിരുന്ന 3303 രൂപ ഈടാക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചു. പഞ്ചായത്തിന് പിഴയിനത്തിൽ ലഭിക്കുവാനുണ്ടായിരുന്ന 3303 രൂപ കരാറുകാരൻ ശ്രീ സിജോ കുര്യൻ, നെല്ലുവേലിൽ, തലനാട് എന്ന വ്യക്തിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-19 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല.**

ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക കണക്കിൽ RP5 ഷെഡ്യൂളിൽ 150120103 "Sale Of Scrap" എന്ന ശീർഷകത്തിൽ 16977 രൂപ വരവുണ്ട്. ഇതിൽ 8877 രൂപ, 2019-20 വർഷം അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്തിരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007 ലെ 59827/എഫ്.എം/ 07 നമ്പർ സർക്കുലർ പ്രകാരം കരാറുകാരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന കാലിവീപ്പകളുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തിരികെ ഒടുക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവ് ചെയ്ത കാലിവീപ്പകളുടെ വില തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 12-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിരുന്ന 8877 രൂപ 16.11.2021 ലെ കെ.എൽ.016285239202122M നമ്പർ ചെലാൻ പ്രകാരം സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ട് എന്ന് അറിയിച്ചു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

**4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം**

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കേഷന് |
|---|---|---|

| | കണക്കുകൾ ലഭിച്ച തീയതി | കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2019-20 | 02.062020 | 05.11.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 24.12.2019<br>09.03.2020<br>30.03.2020 | 238550<br>100000<br>10140 | 17/19-20, ലൈഫ് മിഷൻ - ജനറൽ - ഭവന നിർമ്മാണം | 348690 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 16.01.2020<br>16.03.2020<br>26.03.2020<br>28.03.2020 | 51276<br>30689<br>12687<br>4011 | 28/19-20, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 98663 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 15.01.2020<br>17.02.2020 | 91260<br>8740 | 32/19-20, സാന്ത്വന പരിചരണ പദ്ധതി (ജനറൽ) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഈരാറ്റുപേട്ട | 04.03.2020<br>19.03.2020 | 46200<br>87900 | 62/19-20, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത (ജനറൽ) | 134100 | 0 |
| **ആകെ** | | **681453** | | **681453** | **0** |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 24.12.2019<br>17.03.2020 | 130000<br>260000 | 17/19-20, ലൈഫ് മിഷൻ - ജനറൽ - ഭവന നിർമ്മാണം | 390000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 04.03.2020 | 150000 | 62/19-20, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ബത്ത (ജനറൽ) | 150000 | 0 |
| | **ആകെ** | **540000** | | **540000** | **0** |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | 39/19-20 വാർഡ് 8 കാരിക്കാട്-കൊട്ടംപ്ലാക്കൽ ഭാഗം - സ്ട്രീറ്റ് ലൈൻ വലിക്കൽ | 18/19-20 16.12.2019 | 34692 | 34692 | 0 |
| **ആകെ** | | | **34692** | **34692** | **0** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | ജി ഒ(എം.എസ്) 68/2018, 18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 2890592 + 1360000 = 4250592 | 2810592 | 1360000 | 411765 | - | 3758827 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം**

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

**4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

(എ) **സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 27419845.50 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 25897510.50 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

1-11, 1-13

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

വ്യക്തമായ നഷ്ടം ഇല്ല

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(1)/03.02.2018 | 4 |
| 1998-99(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി.2-229/16/30.3.16 | 1 |
| 1999-00(ചെലവ്) | എൽ.എഫ്.കെ.പി2- 314/16/31.3.2016 | 8 |

| | | |
|---|---|---|
| 2000-01, 2001-02 (പ്ലാൻ) | എൽ.എഫ്.കെ.പി2-278/അദാ.14(5)/26.11.2014 | 14 |
| 2002-03(ചെലവ്) | എൽ.എഫ്.കെ.പി2- 232/16/1.4.2016 | 2 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി2- 1300/11/26.3.12 | 4 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(3)/03.02.2018 | 6 |
| 2004-05 | എൽ.എഫ്.കെ.പി2- 439/15(3)/2.9.15 | 9 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(3)/03.02.2018 | 1 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(4)/03.02.2018 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(5)/03.02.2018 | 7 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.14-അദാ 2018/217(6)/03.02.2018 | 13 |
| 09-10, 10-11,11-12 | എൽ.എഫ്.കെ.പി2-439/15(7)/ 2.9.2015 | 10 |
| 2012-13, 2013-14 | എൽ.എഫ്.കെ.പി2- 1262/15/7.10.15 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.2-1125/16/23.05.2017 | 13 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.2/949/2017/23.02.2018 | 7 |
| 2016-17 | നം.കെ.എസ്.എ-കെ.ടി.എം.പി14/1641/2017/24.03.2018 | 18 |
| 2017-18 | നം.കെ.എസ്.എ.-കെ.ടി.എം.പി.14/211/2020/16.06.2020 | 10 |
| 2018-19 | നം.കെ.എസ്.എ.-കെ.ടി.എം.പി.14/1959/2019/19.05.2020 | 13 |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്